ഭരണഭാഷ മാതൃഭാഷ

**കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

---

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം -തൃപ്പൂണിത്തുറ സർക്കാർ സംസ്‌കൃത കോളജിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ റൂബിൾ ജോൺ ന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ അന്തിമ മുൻഗണന പട്ടികയിൽ സ്ഥാനം നിർണ്ണയിച്ച് ഉത്തരവാകുന്നു .

---

ഉത്തരവ് നം.DCETVM/6423/2024-C4 തീയതി: 19-10-2024

---

പരാമർശം:-1.08/09/2016 ലെ സി4/20099/2016 നം. അന്തിമ മുൻഗണന പട്ടിക
2.06/05/2016 തീയതിയിലെ സി3/6168/2016/കോ.വി.വ നം. അന്തിമ മുൻഗണന പട്ടിക
3.03/09/2022 തീയതിയിലെ എഫ്1/4/2022/HEDN നം.സർക്കാർ കത്ത്
4.കോളേജ് വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28/10/2022 ലെ സി3/35415/2021/DCE നം. ഉത്തരവ്
5.തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജ് പ്രിൻസിപ്പാളിന്റെ 24/05/2024 ലെ കത്ത്
6.ഈ കാര്യാലയത്തിൽ നിന്നുള്ള 08/09/2024 ലെ ഇതേ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായുള്ള അന്തിമമുൻഗണന പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. നിലവിൽ തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ ഓഫീസ് അറ്റൻഡന്റായ ശ്രീ.റൂബിൾ ജോൺ എറണാകുളം ജില്ലാ പി.എസ്.സി ഓഫീസറുടെ 28/02/2015 ലെ E II(3) 651/10-(II) നം നിയമന ശുപാർശ പ്രകാരം 02/05/2015 പൂർവ്വാഹ്നം പ്രാബല്യത്തിൽ തൃപ്പൂണിത്തുറ സർക്കാർ സംസ്കൃതകോളേജിലെ നൈറ്റ് വാച്ച്മാൻ ഒഴിവിൽ ജോലിയിൽ പ്രവേശിച്ചു. നിരീക്ഷണകാലയളവിൽ വിദേശത്ത് ജോലിയ്ക്ക് പോകുന്നതിലേയ്ക്കായി 07.05.2015 മുതൽ ആറ് മാസത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിക്കുകയും എന്നാൽ പ്രസ്തുത അപേക്ഷയിന്മേൽ തീരുമാനം ആകും മുൻപ് ഒരു അറിയിപ്പും ഇല്ലാതെ 07.05.2015 മുതൽ അനധികൃതമായി സർവീസിൽ നിന്നും വിട്ടു നില്ക്കുകയും ചെയ്തു. അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ടിയാൻ വിശദീകരണം സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 07.05.2015 മുതൽ 11.05.2016 വരെയുള്ള കാലയളവ് യാതൊരുവിധ സർവീസ് ആനുകൂല്യങ്ങൾക്കും കണക്കാക്കില്ല എന്ന വ്യവസ്ഥയിൽ നോൺ ഡ്യൂട്ടി ആയി ക്രമീകരിച്ച് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൻ 12.05.2016 -ൽ തൃപ്പൂണിത്തുറ സർക്കാർ സംസ്‌കൃത കോളേജിൽ തിരികെ ജോലിയിൽ പ്രവേശിച്ചു .

തുടർന്ന് ടിയാന്റെ സിനിയോറിറ്റി കണക്കാക്കേണ്ട തീയതി സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കുകയും പരാമർശം (3) പ്രകാരം ടിയാന്റെ നിയമന ശുപാർശ തീയതിയായ 28/02/2015 അടിസ്ഥാനമാക്കി സീനിയോറിറ്റി നിശ്ചയിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിനെ തുടർന്ന് ടിയാനെ ഓഫീസ് അറ്റൻഡൻഡന്റ് /മാർക്കർ/നൈറ്റ് വാച്ച്മാൻ എന്നിവരുടെ അന്തിമമുൻഗണന പട്ടികയിൽ ക്രമ നം.339 എ ആയി സ്ഥാനം നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

ആയതുപോലെ ലാബ്/ലൈബ്രറി/ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് പ്രമോഷന് പരിഗണിക്കുന്ന

ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പരാമർശം (1) അന്തിമ മുൻഗണന പട്ടികയിലും സ്ഥാനം നിർണ്ണയിക്കണമെന്ന് ടിയാൻ പരാർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ സീനിയോറിറ്റി നിയമനശുപാർശ തീയതിയായ 28/02/2015 അടിസ്ഥാനത്തതിൽ നിശ്ചയിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പരാമർശം (1) അന്തിമമുൻഗണന പട്ടികയിൽ ടിയാന് 398 നും 399 നുമിടയിൽ 398 A ആയി പരാമർശം (6) പ്രകാരം താത്ക്കാലികമായി ഉൾപ്പെടുത്തി ഇതിനെതിരെ ടി ലിസ്റ്റിൽ ശേഷിക്കുന്ന ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം ആയതു സമർപ്പിക്കുന്നതിന് സമയം നല്കിയിരുന്നുവെങ്കിലും നാളിതുവരെ ആരും പരാതിയൊന്നും സമർപ്പിച്ചിട്ടില്ലാത്തതാകുന്നു.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള അന്തിമ മുൻഗണന പട്ടികയിൽ ശ്രീ.റൂബിൾ ജോൺ, ഓഫീസ് അറ്റൻഡന്റിന്റെ സ്ഥാനം ക്രമനം.398 ശ്രീ.സുമേഷ്.റ്റി യുടേയും ക്രമനം.399 ശ്രീ.ജോയി.സി യുടേയും ഇടയിൽ **398 A** ആയി നിർണ്ണയിച്ച് ഉത്തരവാകുന്നു.

Signed by
Satheesh S
Date: 19-10-2024 16:19:50

Satheesh S
SENIOR ADMINISTRATIVE OFFICER

പകർപ്പ്

1.ശ്രീ.റൂബിൾ ജോൺ, ഓഫീസ് അറ്റൻഡന്റ്

2.സിസ്റ്റം മാനേജർക്ക് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)